## 50. നന്ദിയോടെ, ആദരവോടെ

മഹതികളേ, മഹാന്മാരേ,

കാലിക്കറ്റ് സർവകലാശാല നൽകുന്ന ഡി. ലിറ്റ് എന്ന ബഹുമതി ബിരുദം നന്ദി നിറഞ്ഞ ഹൃദയത്തോടെ, ആദരത്താൽ കുനിഞ്ഞ ശിരസ്സോടെ ഞാൻ സ്വീകരിക്കുന്നു.

സർവകലാശാല എന്നെ ബഹുമാനിക്കുന്നത് ഇതാദ്യമായിട്ടല്ല. ഈ വിദ്യാസ്ഥാപനത്തിന്റെ സുപ്രധാന ഘടകങ്ങളായ അക്കാദമിക് കൗൺസിലിലും ഭാഷാഫാക്കൽറ്റിയിലും ജേർണലിസം (ഇപ്പോൾ മാസ് കമ്യൂണിക്കേഷൻസ്) ഫാക്കൽറ്റിയിലും അംഗമായിരിക്കുവാനുള്ള അവസരം എനിക്കു നൽകപ്പെട്ടിട്ടുണ്ട്. എട്ടു വർഷം മുമ്പ്, ഇവിടെ മലയാളം വിഭാഗത്തിൽ ഒരു വിസിറ്റിങ് പ്രൊഫസർ ആയിരിക്കുവാൻ സർവകലാശാല എന്നെ ക്ഷണിക്കുകയുണ്ടായി. അപ്പോൾ ചെയ്തുകൊണ്ടിരുന്ന ജോലി വിട്ടുവരാനുള്ള വിഷമം നിമിത്തം ഈ ക്ഷണം സ്വീകരിക്കുവാൻ എനിക്കു കഴിഞ്ഞില്ലെങ്കിലും, സർവകലാശാലയുടെ ഔദാര്യം എന്റെ ഹൃദയത്തെ അഗാധമായി സ്പർശിക്കുകയും ഒരു സാഹിത്യകാരൻ എന്ന നിലയിൽ എന്റെ ആത്മാഭിമാനത്തെ ഉദ്ദീപിപ്പിക്കുകയുംചെയ്തു. ഈ സർവകലാശാലയിൽ എം. ഫിൽ, പിഎച്ച്. ഡി. എന്നീ ഉയർന്ന പരീക്ഷകളിൽ പരീക്ഷകനെന്ന ചുമതലയും പല കുറി എന്നിൽ നിക്ഷിപ്തമായിട്ടുണ്ട്. ആദരണീയമായ 'അക്കാദമിക് സമൂഹ'ത്തിൽ, വിനോബാജിയുടെ ഭാഷയിൽ 'ആചാര്യകുല'ത്തിൽ എളിയ ഒരംഗമാണെന്ന ബോധം എന്നിൽ വളർത്തുവാൻ ഇതെല്ലാം ഉപകരിച്ചിട്ടുണ്ട്. ആധുനികയുഗത്തിൽ ബുദ്ധിജീവികൾ വന്നുപെടുന്ന ദുർഭാഗ്യങ്ങളിൽ ഏററവും ഖേദകരമായ 'അന്യതാബോധ'ത്തിനുള്ള പരിഹാരം, ഒരു സമാനസമൂഹത്തിൽ (പിയർ ഗ്രൂപ്പിൽ) പ്രയോജനകരമായ ഒരു സ്ഥാനം തനിക്കും ഉണ്ടെന്ന ദൃഢധാരണയാണല്ലോ കാലിക്കറ്റ് സർവകലാശാലയുമായി പല തലങ്ങളിൽ എനിക്കുള്ള ബന്ധം. ഇത്തരമൊരു ധാരണ എന്നിൽ വേരൂന്നി വളരുന്നതിന് എത്രയും പ്രയോജകീഭവിച്ചിട്ടുണ്ട്. സമൂഹത്തിൽനിന്ന് ഒററപ്പെട്ടവനാണ് ഞാനെന്ന വ്യഥ കൂടാതെ, എന്റെ എളിയ കഴിവുകൾ സമൂഹത്തിന് നിരന്തരമായി സമർപ്പിക്കാൻ എന്നെ സഹായിച്ച ഈ ധാരണയ്ക്ക്, വളരെ വലിയ അളവിൽ ഞാൻ ഈ സർവകലാശാലയോട് മുമ്പുതന്നെ കടപ്പെട്ടവനാണ്. ഇപ്പോൾ സർവകലാശാല എനിക്കു സമ്മാനിക്കുന്ന ഈ പരമോന്നത ബഹുമതിയാകട്ടെ, കവി, പത്രപ്രവർത്തകൻ, സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ എന്റെ ദീർഘകാല പരിശ്രമങ്ങൾ വ്യർത്ഥമായിട്ടില്ലെന്നും എന്റെ സമൂഹം, എന്റെ രാജ്യം, എന്റെ രാജ്യത്തിന്റെ ധിഷണാസാകല്യം ഈ പരിശ്രമങ്ങളെ അറിയുകയും അഭിനന്ദിക്കുകയുംചെയ്യുന്നുണ്ടെന്നും എനിക്ക് ഉറപ്പുതരുന്നു. എന്നെ സംബന്ധിച്ചിടത്തോളം, ജീവിതസാഫല്യത്തിന്റെ ഒരു അമൂല്യനിമിഷമാണിത്. വിനയത്തോടെ ഞാൻ ഈ സർവകലാശാലാസമൂഹത്തെ വന്ദിക്കുന്നു; നന്ദിയോടെ ഞാൻ ഈ ബഹുമതിബിരുദം ഏററുവാങ്ങുന്നു.

ബിരുദം കൈപ്പററിയെങ്കിലും, അതിന് എനിക്കുള്ള അർഹതയെപ്പററി സംശയം എന്നിൽ അവശേഷിക്കുന്നുണ്ട്. നാലു കൊല്ലത്തെ പ്രാഥമിക ഘട്ടത്തിലൊഴികെ, നമ്മുടെ നാട്ടിലെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ പ്രവേശിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായിട്ടില്ല.

നാലാം ക്ലാസ്സിൽ ഞാൻ എത്തിയപ്പോഴത്തന്നെ, അടുത്ത ആണ്ടിൽ ഫീസ്കൊടുത്തു് ഹൈസ്കൂളിലെ പ്രിപ്പറേട്ടറിക്ലാസ്സിൽ എന്നെ ചേർക്കാൻ എന്റെ അച്ഛനു് കഴിയുകയില്ലെന്ന വസ്തുത പരസ്യമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണു്, സ്കൂളിലെ ഏററവും സമർത്ഥനായ വിദ്യാർത്ഥി എന്ന നിലയിൽ എനിക്കൊരു സമ്മാനം വാർഷിക സമ്മേളനത്തിൽ വെച്ചു നൽകാൻ തീരുമാനിച്ചപ്പോൾ, വെളിച്ചവും വായുവും വെള്ളവും പോലെ നാട്ടിൽ സൗജന്യമായി ലഭിച്ചിരുന്ന സംസ്കൃത വിദ്യാഭ്യാസത്തിനു് ഉപകരിക്കമാറു്, അമരകോശത്തിന്റെ ഒരു പഴയ പതിപ്പു് എന്റെ പ്രാഥമിക വിദ്യാലയത്തിലെ അദ്ധ്യാപകർ തിരഞ്ഞെടുത്തതു്. പില്ക്കാലത്തു് തൃപ്പൂണിത്തുറ സംസ്കൃത കോളേജ് കനിഞ്ഞു നൽകിയ വിദ്യാർത്ഥിവേതനം ഇല്ലായിരുന്നുവെങ്കിൽ, നാട്ടുമ്പുറത്തെ ഒരു ആയുർവേദവൈദ്യനോ, ജ്യോത്സ്യനോ എന്ന നിലയിൽ ജീവിതസാഫല്യം ഞാൻ അന്വേഷിക്കേണ്ടിവരുമായിരുന്നു.

സ്വന്തം വിഷയങ്ങളിൽ അതിപ്രാമാണികന്മാരായിരുന്ന ശങ്കരനാരായണ ശാസ്ത്രികളെയും രാമപ്പിഷാരടിയെയുംപോലുള്ള പണ്ഡിതവരേണ്യന്മാരിൽനിന്നും സംസ്കൃത വ്യാകരണവും സംസ്കൃതത്തിലെ സാഹിത്യശാസ്ത്രവും ശ്രദ്ധാപൂർവം പഠിക്കാൻ എനിക്കു് അവസരം നൽകിയെങ്കിലും, സർവകലാശാലയുമായി ഏതെങ്കിലും തരത്തിൽ എന്നെ ബന്ധപ്പെടുത്തുകയുണ്ടായില്ല, തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ എന്റെ വിദ്യാഭ്യാസം. ആ കോളേജ് കൊച്ചി ഗവണ്മെൻറിന്റെ കീഴിൽ ഒരു കമ്മററി നടത്തിവന്ന ഒരു സ്വകാര്യസ്ഥാപനമായിരുന്നു. അതിലെ പാഠ്യപദ്ധതി മദ്രാസ് സർവകലാശാലയിലെ പാഠ്യപദ്ധതിയിൽനിന്നു വ്യത്യസ്തവുമായിരുന്നു ഇക്കാരണത്താൽ, കൊച്ചി സംസ്ഥാനത്തിനു പുറത്തു് അംഗീകാരമുള്ള മദ്രാസ് സർവകലാശാലയുടെ 'ശിരോമണി' ബിരുദത്തിനാവശ്യമായ പരീക്ഷ എഴുതുവാൻ എനിക്കും എന്റെ സുഹൃത്തുക്കൾക്കും വളരെ സാഹസപ്പെട്ടു് സർവകലാശാലയുടെ പ്രത്യേകാനുവാദം വാങ്ങേണ്ടിവന്നു.

തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ അന്നു് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നില്ല. ചില സുഹൃത്തുക്കളുടെ സഹായത്താൽ ഒഴിവുസമയത്തു് ഇംഗ്ലീഷ് പഠിച്ച ഞാൻ, 1938-ലോ 1939-ലോ, എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് പ്രൈവററായി ചേരാൻ എന്നെ അനുവദിക്കണമെന്നു് അഭ്യർത്ഥിച്ചപ്പോൾ 'അതിനു നിയമമില്ല' എന്ന മറുപടിയാണു് കൊച്ചി സർക്കാരിന്റെ വിദ്യാഭ്യാസവകുപ്പു് എനിക്കു നൽകിയതു്. ശിരോമണി, വിദ്വാൻ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന സർവകലാശാലാ ബിരുദങ്ങൾ(ഇവയെ 'ഓറിയൻറൽ ടൈററിലുകൾ' എന്നാണു് വിളിച്ചിരുന്നതു്) നേടിയവർക്കു് പ്രൈവററായി ചേരാവുന്ന ഒരു 'ഡിഗ്രി' ഏർപ്പെടുത്തണമെന്ന ദീർഘകാല നിർബന്ധത്തിനു വഴങ്ങി 'ബി. ഒ. എൽ.' എന്ന ഡിഗ്രി ഏതാണ്ടു് ഇതേ കാലത്തു് മദ്രാസ് സർവകലാശാല ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ, എന്റെ വിദ്യാഭ്യാസത്തിനു് സർവകലാശാലയുമായി ഒരു ബന്ധവും ഒരിക്കലും ഉണ്ടാകുമായിരുന്നില്ല.

പലതരം പ്രത്യേകാനുവാദങ്ങൾ വാങ്ങി, അന്നത്തെ ഇൻറർമീഡിയററു് പരീക്ഷയിലെയും ബി. എസ്സ്സി. പരീക്ഷയിലെയും 'ഒന്നാം പാർട്ട്' എന്നറിയപ്പെട്ടിരുന്ന ഇംഗ്ലീഷ് പേപ്പറുകൾക്കു് ഉത്തരമെഴുതിയതും രണ്ടു് പൗരസ്ത്യ വിഷയങ്ങളിൽ, അന്നു് 'പ്രൊഫിഷ്യൻസി സർട്ടിഫിക്കററ്' എന്നറിയപ്പെട്ടിരുന്ന പരീക്ഷകൾ ജയിച്ചുമാണു് ഞാനും എന്റെ പല സുഹൃത്തുക്കളും സർവകലാശാലയുടെ ബി. ഒ. എൽ. ഡിഗ്രിക്കു് അർഹരായിത്തീർന്നതു്. ഇതൊരു 'ബാച്ചിലർ' ഡിഗ്രിയാ

യിരുന്നു. ഇതു നേടിയവർക്കു് 'മാസ്റ്റർ' ഡിഗ്രി—എം. എ. നേടാൻ അന്നു മാർഗമൊന്നുമുണ്ടായിരുന്നില്ല. മദ്രാസ് സർവകലാശാലയുടെ അക്കാദമിക്ക് കൗൺസിലിൽ അംഗമായിരിക്കെ ഞാൻ ബി. ഒ. എൽ. ഡിഗ്രി നേടിയവരെ എം. എ. പരീക്ഷയ്ക്കു ചേരാൻ അനുവദിക്കണമെന്നു പലകുറി ആവശ്യപ്പെടുകയുണ്ടായി. ഒടുവിൽ, ഈ വിഷയം സംബന്ധിച്ച എന്റെ ഒരു പ്രമേയം ചർച്ചയ്ക്കെടുത്തപ്പോഴാണു് ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ടു്, അന്നു് വൈസ്ചാൻസലർ ആയിരുന്ന ഡോ. ലക്ഷ്മണസ്വാമി മുതലിയാർ, ഞങ്ങളെപ്പോലെ വളഞ്ഞ വഴിയിലൂടെ ഇടക്കാലനിയമങ്ങൾ (ട്രാൻസിറററി റെഗുലേഷൻസ്) അനുസരിച്ചു്, ബി. ഒ. എൽ. ബിരുദം നേടിയവർക്കു സൗജന്യമായി എം. എ. ബിരുദം തരാൻ സർവകലാശാല തീരുമാനിച്ച വിവരം അക്കാദമിക്ക് കൗൺസിൽ യോഗത്തിൽവെച്ചു പ്രഖ്യാപിച്ചതു്.

അതേ, ഇന്നു് കാലിക്കററ് സർവകലാശാല ബഹുമതിയായി തന്ന ഡി. ലിററ് ബിരുദംപോലെ, 1953—ൽ മദ്രാസ് സർവകലാശാല സൗജന്യമായി, അതായതു് അതിനായി പ്രത്യേക പരീക്ഷകളൊന്നും പാസ്സാകാതെ തന്നതാണു് എന്റെ എം. എ. ബിരുദം. അതു കിട്ടുന്നതിനു് അഞ്ചു വർഷം മുമ്പു്, 1948—ൽ എന്റെ ഗവേഷണപ്രബന്ധത്തെ അടിസ്ഥാനമാക്കി മദ്രാസ് സർവകലാശാല എനിക്കു് എം. ലിററ് ബിരുദം നൽകിയിരുന്നു.

ആ എം. ലിററ് ബിരുദവും എനിക്കു ലഭിച്ചതു് നേരായവഴിയിലൂടെയാണെന്നു പറഞ്ഞുകൂടാ. ബി. ഒ. എൽ. ഡിഗ്രി നേടിയശേഷം മദ്രാസ് സർവകലാശാലയിലെ സംസ്കൃതവിഭാഗത്തിൽ ഗവേഷണത്തിനു് അപേക്ഷിക്കുകയുണ്ടായി. 'മാസ്റ്റർ ഡിഗ്രി' ഇല്ലെന്ന കാരണത്താലാവണം, എന്റെ അപേക്ഷ പരിഗണിക്കപ്പെടുകയുണ്ടായില്ല. ഇതിനെ തുടർന്നു്, ഞാൻ അതേ സർവകലാശാലയിലെ മലയാളവിഭാഗത്തിൽ ഗവേഷണവിദ്യാർത്ഥിയായി എന്നെ ചേർക്കണമെന്നു് അഭ്യർത്ഥിച്ചു. മലയാളവകുപ്പിന്റെ തലവനായിരുന്ന ഡോ. ചേലനാട്ട് അച്യുതമേനോൻ മലയാളത്തിൽ അടിസ്ഥാനവിദ്യാഭ്യാസയോഗ്യത ഒന്നുമില്ലാതിരുന്നിട്ടും, എന്നെ ശിഷ്യനായി സ്വീകരിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ കീഴിൽ രണ്ടു വർഷം ഗവേഷണം നടത്തി തയ്യാറാക്കിയ 'മലയാളവൃത്തപഠനം' എന്ന പ്രബന്ധത്തെ ആസ്പദമാക്കിയാണു് 1948—ൽ മദ്രാസ് സർവകലാശാല എനിക്കു് എം. ലിററ് ബിരുദം നൽകിയതു്.

ഇതിനുശേഷം, മദ്രാസ് സർവകലാശാലയിലെ മലയാളവിഭാഗത്തിൽ ഒരു ജോലിക്കു് അപേക്ഷകനായിരുന്ന എനിക്കു്, വൈസ് ചാൻസലർ ഡോ. ലക്ഷ്മണസ്വാമി മുതലിയാർ അദ്ധ്യക്ഷനായിരുന്ന ഒരു കമ്മററിയുടെ മുമ്പാകെ ഹാജരാകേണ്ടിവന്നു. എന്റെ സർട്ടിഫിക്കററുകളെല്ലാം പരിശോധിച്ചശേഷം, മലയാളത്തിൽ വിദ്യാഭ്യാസയോഗ്യതയില്ലാത്ത ഞാൻ മലയാളം വകുപ്പിൽ ജോലിക്കു് അപേക്ഷിച്ചതെങ്ങനെയെന്നു് ഡോ. മുതലിയാർ എന്നോടു ചോദിച്ചു. മലയാളത്തിൽ ഗവേഷണം നടത്തി നേടിയ എം. ലിററ് ബിരുദം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

'അടിസ്ഥാനബിരുദമില്ലാതെ നിങ്ങൾ എങ്ങനെ എം. ലിററ് ബിരുദത്തിനു് തീസിസ് സമർപ്പിച്ചു?' എന്നു് ഡോ. മുതലിയാർ വീണ്ടും ചോദിച്ചു. കർശനമായിരുന്നു അദ്ദേഹത്തിന്റെ സ്വരം.

'സർ, ഇവിടെ മലയാളം വകുപ്പിൽ രണ്ടു വർഷം സഹായധനം വാങ്ങുന്ന വിദ്യാർത്ഥിയായി ഗവേഷണം നടത്തിയാണു് ഞാൻ പ്രബന്ധം തയ്യാറാക്കിയതു്'' എന്നു ഞാൻ പറഞ്ഞു.

'അടിസ്ഥാനവിദ്യാഭ്യാസമില്ലാത്ത നിങ്ങളെ ആർ മലയാളം വകുപ്പിൽ ഗവേഷണത്തിനു ചേർത്തു? ആർ നിങ്ങൾക്കു സഹായധനം തന്നു?'

'താങ്കൾ, സാർ'—പേടിച്ചാണെങ്കിലും ഞാൻ പറഞ്ഞു.

സർവകലാശാലയിലെ എന്റെ ഗവേഷണം തനിക്കു പററിയ ഒരു നോട്ടപ്പിശകാണെന്നു പ്രഗല്ഭനായ ആ വൈസ്ചാൻസലർ കരുതിയോ എന്തോ! ഏതായാലും അപേക്ഷിച്ച ജോലി എനിക്കു കിട്ടുകയുണ്ടായില്ല.

വിദ്യാർത്ഥിദശയിൽ, ഈ നാട്ടിലെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ പ്രവേശിക്കാൻ സാധിച്ചില്ലെങ്കിലും, പിൽക്കാലത്തു് പൊതുവിദ്യാഭ്യാസത്തിന്റെ പല തലങ്ങളിൽ പ്രവർത്തിക്കാൻ എനിക്കു് ഭാഗധേയമുണ്ടായി. പ്രൈമറി–സെക്കണ്ടറി യൂണിവേഴ്സിററി തലങ്ങളിൽ ഞാൻ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. സംസ്കൃതം, മലയാളം, ഹിന്ദി, ഇംഗ്ലീഷ്, സാമൂഹ്യപാഠങ്ങൾ മുതലായ പല വിഷയങ്ങളും എനിക്കു് പഠിപ്പിക്കേണ്ടതായും വന്നിട്ടുണ്ടു്. കുറേക്കാലം കൊച്ചി അദ്ധ്യാപകസംഘടനയുടെ കാര്യദർശിയായിരുന്നു ഞാൻ. സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കു് സർക്കാരിൽനിന്നു നേരിട്ടു ശമ്പളം ലഭ്യമാക്കുന്നതിനും പുതിയ ജനാധിപത്യവ്യവസ്ഥയിൽ പൂർണമായ പൗരാവകാശങ്ങൾ അദ്ധ്യാപകർക്കു കൈവരുത്തുന്നതിനും വേണ്ടിയുള്ള സമരത്തിനു് ഈ സംഘടന അക്കാലത്തു് നേതൃത്വം നൽകുകയുണ്ടായി. പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കുന്നതിനു് കേരളത്തിൽ ആദ്യമായി മുന്നിട്ടുവന്ന കൊച്ചി സർക്കാർ സംഘടിപ്പിച്ച പാഠപുസ്തകനിർമ്മാണസമിതിയുടെ കാര്യദർശിയായി പ്രവർത്തിക്കാനും എനിക്കു് അവസരം കൈവന്നു. ഈ പരിശ്രമത്തിന്റെ ഒരു തുടർച്ചയായിട്ടാണു്, സർവകലാശാലാതലത്തിൽ ആവശ്യമായ പാഠപുസ്തകങ്ങൾ മലയാളത്തിൽ നിർമ്മിക്കുന്നതിനുവേണ്ടി കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിലൂടെ നടത്തിയ ആസൂത്രിതവും പഥപ്രദർശകവുമായ പ്രയത്നത്തെ ഞാൻ കാണുന്നതു്. മദ്രാസ്, തിരുവിതാംകൂർ, കേരളം, കാലിക്കററ്, മധുര എന്നീ സർവകലാശാലകളിലെ പല സമിതികളിലും ഞാൻ അംഗമായിരുന്നിട്ടുണ്ടു്. കേരള സർവകലാശാല നിയമിച്ച സംസ്കൃതവിദ്യാഭ്യാസ കമ്മററിയിൽ അംഗമായും കേരള ഗവണ്മെൻറ് നിയമിച്ച സംസ്കൃതവിദ്യാഭ്യാസകമ്മററിയിൽ അദ്ധ്യക്ഷനായും പ്രവർത്തിക്കുന്നതിനും എനിക്കു് അവസരം ലഭിച്ചിട്ടുണ്ടു്. വിദ്യാലയങ്ങൾക്കു പുറത്തു്, മുതിർന്നവർക്കു് അക്ഷരാഭ്യാസം നൽകുന്നതിനുവേണ്ടി ഒരു സംഘടിതപ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചപ്പോൾ, ആ പ്രസ്ഥാനത്തിലും ഒരു സ്ഥാപകാംഗമായി ഞാൻ പ്രവർത്തിച്ചു. കേന്ദ്രഗവണ്മെൻറിന്റെ ധനസഹായത്തോടെ വയോജനവിദ്യാഭ്യാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന കേരളത്തിലെ റിസോഴ്സ് സെൻററിന്റെ ആദ്യത്തെ ഡയറക്ടർമാരിലൊരാൾ ഞാനായിരുന്നു. എന്റെ പ്രവൃത്തിസമയത്തിന്റെ വളരെ വലിയ ഒരു ശതമാനം സമർപ്പിക്കപ്പെട്ടിട്ടുള്ളതു് വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾക്കാണു്. വിദ്യാഭ്യാസപരങ്ങളായ രണ്ടു വാരികകളും ഒരു മാസികയും കുറെക്കാലം ഞാൻ നടത്തിയിട്ടുണ്ടു്.

വിദ്യാർത്ഥിയായിരിക്കെത്തന്നെ എന്നിൽ ഇന്ത്യയുടെ വിമോചനപ്രസ്ഥാനം വലിയ സ്വാധീനം ചെലുത്തി. പഴയരീതിയിൽ തികച്ചും സാഹിത്യപരമായിരുന്നു എനിക്കു കിട്ടിയ വിദ്യാഭ്യാസം. പക്ഷേ, ഞാൻ എന്തെങ്കിലും എഴുതാൻ തുടങ്ങിയ കാലത്തു്, സാഹിത്യത്തിന്റെ പരമമായ ലക്ഷ്യം എന്തായിരിക്കണമെന്നതു സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചകൾ ഇന്ത്യയിൽ നടന്നിരുന്നു. മഹാത്മാഗാന്ധി അദ്ധ്യക്ഷനും

പ്രേംചന്ദ്, കെ. എം. മുൻഷി എന്നിവർ കാര്യദർശിമാരുമായി കുറച്ചു കാലം പ്രവർത്തിച്ച 'ഭാരതീയ സാഹിത്യസമ്മേളനം' എന്ന സാഹിത്യ സംഘടനയുടെ പ്രസിദ്ധീകരണങ്ങളും, ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളെയും ആശ്ലേഷിച്ചിരുന്ന ഗാന്ധിയൻ വിമോചനതത്ത്വശാസ്ത്രവും ഇക്കാലത്ത് എന്നെ വളരെയധികം സ്വാധീനിച്ചു. മൃത—ജീർണ—പാരമ്പര്യത്തിന്റെ കെട്ടുപാടുകൾ പൊട്ടിച്ച്, കർമശക്തിയെ ഉത്തേജിപ്പിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തുറന്ന വായുമണ്ഡലത്തിലേക്ക് ചിന്തയെ വളർത്താൻ ഉപകരിക്കുന്നില്ലെങ്കിൽ സാഹിത്യം നിഷ്പ്രയോജനമാണെന്ന ബോധം അക്കാലത്ത് എന്നിൽ വേരുറച്ചു. ഇന്നും ഞാൻ നില കൊള്ളുന്നത് അവിടെത്തന്നെ.

കാലടി സംസ്കൃത ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർസ്ഥാനം രാജിവെച്ചാണ് 1942—ൽ ഞാൻ ക്വിററ് ഇന്ത്യാ സമരത്തിന്റെ പടയണിയിൽ ഒരു ഭടനായി ചേർന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇന്ത്യയുടെ മഹാപ്രസ്ഥാനത്തിൽ, അവസാനഘട്ടത്തിലെങ്കിലും പങ്കുചേരാതിരുന്നാൽ പിന്നീടൊരിക്കലും ഒരു മനുഷ്യനെന്ന നിലയിൽ തല ഉയർത്തി നിൽക്കാൻ സാധിക്കുകയില്ലെന്ന് അന്നെനിക്കു തോന്നി. പക്ഷേ, സ്വാതന്ത്ര്യത്തെപ്പററിയുള്ള എന്റെ സങ്കല്പം രാഷ്ട്രീയമണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല. രാഷ്ട്രീയമായ അടിമത്തത്തോടൊപ്പം ഇന്ത്യ സാംസ്കാരികമായ അടിമത്തവും വലിച്ചെറിയണമെന്ന സന്ദേശമാണ് ഗാന്ധിജിയിൽനിന്നു ഞാൻ ഉൾക്കൊണ്ടത്. സാംസ്കാരികമായ നവീകരണത്തിലൂടെയല്ലാതെ സാമൂഹ്യമായ അധഃപതനത്തിൽ നിന്ന് ഉയരുവാൻ നമ്മുടെ പാരമ്പര്യപ്രവണമായ ജനതയ്ക്കു സാദ്ധ്യമാവില്ലെന്നു ഞാൻ കരുതി.

ജനതയോടൊപ്പം നമ്മുടെ ഭാഷയും നമ്മുടെ സാഹിത്യവും അടിമത്തത്തിന്റെ കനത്ത നുകം പേറുന്നതായി എനിക്ക് അനുഭവപ്പെട്ടു. എന്റെ ഭാഷയ്ക്ക് എന്റെ നാടിന്റെ ഭരണത്തിന്റെയും സംസ്കാരത്തിന്റെയും ഉന്നതതലങ്ങളിൽ പ്രവേശനമില്ലെന്ന വസ്തുത എന്നെ വളരെ അധികം വേദനിപ്പിച്ചു. ഇന്നും വേദനിപ്പിക്കുന്നു. എല്ലാ ആധുനിക വിജ്ഞാനത്തിന്റെയും വാഹകമാകുവാൻ കഴിയുമാറ് എന്റെ ഭാഷയെ നവീകരിക്കേണ്ടതു് ഒരു എഴുത്തുകാരൻ എന്ന നിലയിൽ എന്റെ കർത്തവ്യമാണെന്നു ഞാൻ കരുതി. ആധുനിക യന്ത്രങ്ങൾക്കു കൂടുതൽ ഇണങ്ങും വിധത്തിൽ നമ്മുടെ പഴയ ലിപിമാലയെ പരിഷ്കരിച്ചു ലഘൂകരിക്കുന്നതിന് മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ ഞാൻചെയ്ത പരിശ്രമം ഈ ധാരണയിൽനിന്ന് ഉത്ഭവിച്ചതാണ്. പരിഷ്കരിച്ച ലിപിമാല സർക്കാർ അംഗീകരിച്ചപ്പോൾ ഈ പരിശ്രമം ഒരളവോളം സഫലമായി. പിന്നീട് മലയാളം ടൈപ്പ്റൈററിന്റെ കീബോർഡ് പരിഷ്കരിക്കുന്നതിലും മലയാളം ചുരുക്കെഴുത്തു പരിഷ്കരിക്കുന്നതിലും സഹായിക്കുവാനും ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ എനിക്ക് അവസരം കൈവന്നു.

ആധുനിക ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള മലയാളത്തിന്റെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാനപരമായ ഒരു മുൻകൈ എന്ന നിലയിലാണ്, ഇംഗ്ലീഷിലെ ശാസ്ത്ര—സാങ്കേതിക—സംജ്ഞകൾക്കു തുല്യങ്ങളായ മലയാളപദങ്ങൾ വ്യവസ്ഥപ്പെടുത്തുന്നതിനു മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ ഒരു പരിശ്രമം ഞാൻ ആരംഭിച്ചതു്. അന്നു പ്രതീക്ഷിക്കാതിരുന്ന വിധത്തിലുള്ള സാഫല്യം, ഈ രംഗത്തിൽ, ഭാഷാ ഇൻസ്റ്റിററ്യൂട്ടിലെ പ്രവർത്തനങ്ങളിലൂടെ, അല്പകാലംകൊണ്ട് എനിക്കു

കൈവരികയുണ്ടായി. ഇതോടെ വിഷയം ശരിക്കും അറിയാവുന്നവർക്ക് മലയാളത്തിൽ പുസ്തകരചനയ്ക്കുള്ള വലിയ ഒരു തടസ്സം നീങ്ങിക്കിട്ടി!

ഉന്നത വിദ്യാഭ്യാസത്തിന്റെയും ഭരണത്തിന്റെയും മാദ്ധ്യമമായി മലയാളഭാഷ ഉപയോഗിക്കുന്ന കാര്യത്തിലും ഭാഷാ ഇൻസ്റ്റിററ്യൂട്ടിലൂടെയും, അതിനു പുറത്തുനിന്നും, ആകാവുന്നത്ര പരിശ്രമം ഞാൻ ചെയ്തിട്ടുണ്ട്. ജനാധിപത്യത്തിന്റെ പുറംചട്ടയിലല്ലാതെ, അതിന്റെ ശരിയായ ഉള്ളടക്കത്തിൽ നാം കൂടുതൽ ശ്രദ്ധിച്ചു തുടങ്ങുമ്പോൾ, ഈ രംഗങ്ങളിൽ പൂർണ്ണമായ സാഫല്യം നമുക്കു കൈവരുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു ആശങ്കയുമില്ല.

കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ തനിക്ക് അവകാശപ്പെട്ട പദവി മലയാളഭാഷയ്ക്കു കൈവരുന്നതോടെ ഇന്ത്യയുടെ സമന്വിതസംസ്കാരത്തിൽനിന്ന് കൂടുതൽ ഉൾക്കൊള്ളാനും അതിലേക്കു കൂടുതൽ നൽകാനുമുള്ള പ്രാപ്തി മലയാളസാഹിത്യത്തിനു് ഉണ്ടാകാതിരിക്കുകയില്ല. സോവിയററ് യൂണിയനിലെ പല ഭാഷകളിൽ ഏതിൽ എഴുതപ്പെട്ടാലും, കനപ്പെട്ട ഒരു കൃതി ഏതാനും മാസങ്ങൾക്കുള്ളിൽ സോവിയററ് നാട്ടിൽ മുഴുവൻ ചർച്ചാവിഷയമാകുന്നുണ്ട്. മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു നാടകമോ, കാവ്യമോ, നോവലോ, ശാസ്ത്രഗ്രന്ഥമോ ഒന്നോ, രണ്ടോ വർഷത്തിനകം കാശ്മീരിലെയും, ആസാമിലെയും സഹൃദയരുടെ ശ്രദ്ധയാകർഷിക്കുന്ന പരിസ്ഥിതി ഇന്ത്യയിലും വളർന്നു വന്നു കൂടായ്കയില്ല.

എഴുത്തുകാരൻ ഏകാന്തത്തിൽ നിർവ്വഹിക്കേണ്ട ഒന്നാണ് സാഹിത്യസാധന. എങ്കിലും, സമാനസംസ്കാരമുള്ള ഒരു ചെറുസമൂഹത്തിൽ വേരോട്ടമില്ലാതെ, എഴുത്തുകാരനു തനിയെ അന്തരീക്ഷത്തിൽ നിലകൊള്ളുക സാദ്ധ്യമല്ല. സമാനസംസ്കാരമുള്ളവരുടെ കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനു കേന്ദ്രകലാസമിതി, സാഹിത്യസമിതി, ശാസ്ത്രസാഹിത്യപരിഷത്ത് മുതലായ പല സംഘടനകളിലൂടെയും ഞാൻ പരിശ്രമിച്ചിട്ടുണ്ട്. കേരളത്തിനകത്തു മാത്രമല്ല, ഇന്ത്യയിലെ എല്ലാ ഭാഷാപ്രദേശങ്ങളിലുമുള്ള സാഹിത്യ—കലാ—പ്രവർത്തകരുമായി ബന്ധപ്പെടുന്നതു് കേരളത്തിലെ സാഹിത്യ—കലാ—പ്രവർത്തകർക്കു വളരെയധികം പ്രയോജനപ്പെടുമെന്ന ദൃഢബോധമുള്ളതിനാൽ, സാംസ്കാരികസമ്പർക്കങ്ങൾ വിപുലങ്ങളാക്കുന്നതിനുള്ള എല്ലാ യത്നങ്ങളോടും, ആകാവുന്ന വിധത്തിലെല്ലാം ഞാൻ സഹകരിച്ചിട്ടുണ്ട്. ഈ സമ്പർക്കങ്ങളെ സങ്കുചിതപരിഗണനകൾ ഒരിക്കലും തടസ്സപ്പെടുത്തിക്കൂടാ.

എല്ലാം കഴിഞ്ഞു്, വരവും ചെലവും തിട്ടപ്പെടുത്തുമ്പോൾ, ഒരു എഴുത്തുകാരൻ എന്ന നിലയിലും, പത്രപ്രവർത്തകൻ എന്ന നിലയിലും സാംസ്കാരികരംഗത്തിലെ ഒരു പ്രവർത്തകൻ എന്ന നിലയിലും എന്റെ സംഭാവനകൾ എങ്ങനെയാണു വിലയിരുത്തപ്പെടുക? വിലയിരുത്തേണ്ടതു നാളത്തെ സമൂഹമാകയാൽ ഇന്നു ഞാൻ ഇതിനെച്ചൊല്ലി വ്യാകുലനാകേണ്ടതില്ല; ആകുന്നുമില്ല. എങ്കിലും ഒന്നെനിക്കറിയാം: വളരെയധികം സ്നേഹവും അർഹിക്കുന്നതിൽ കവിഞ്ഞ ആദരവും സമകാലികരിൽ നിന്നു് എനിക്കു ലഭിച്ചിട്ടുണ്ട്. എനിക്ക് അതിന് അവരോട് കൃതജ്ഞതയുമുണ്ട്. അനന്തമായ കാലത്തിലൂടെയുള്ള മനുഷ്യവർഗത്തിന്റെ മഹാപ്രയാണത്തെപ്പററി സാമാന്യമായ അവബോധം എനിക്കുണ്ട്. ഈ ഘോഷയാത്രയിൽ എന്റെ സ്ഥാനം നിസ്സാരമാണ്; എങ്കിലും അവിടെ ഞാനില്ലെങ്കിൽ ആ സ്ഥാനം ഒഴിഞ്ഞുതന്നെ കിടക്കും. ഈ ഘോഷയാത്രയുടെ ഇരമ്പലിൽ എന്റെ സ്വരം വേറിട്ടു കേൾക്കുക പ്രയാസമാണ്.

പക്ഷേ, അതുകൂടെ ചെല്ലുമ്പോഴേ ആ ഇരമ്പലിനു ശരിയായ മുഴക്കം കൈവരികയുള്ളു.

അതേതായാലും, കാലിക്കററ് സർവകലാശാല, സർവകലാശാലയിലൂടെ സമകാലിക–കേരളീയ–ധൈഷണിക സമൂഹം ഇന്നെനിക്കു നൽകിയ ബഹുമതി, ജീവിതത്തിൽ ഇന്നോളം എനിക്കു കൈവന്ന അനുഗ്രഹങ്ങളിൽ ഏററവും മികച്ച ഒന്നായി ഞാൻ കണക്കാക്കുന്നു. കൂടുതൽ വിനയത്തോടെ, കൂടുതൽ നിസ്വാർത്ഥതയോടെ, കൂടുതൽ അർപ്പണബോധത്തോടെ, കർമപഥത്തിൽ മുന്നോട്ടു പോകാൻ ഈ അനുഗ്രഹം എനിക്കു കരുത്തു നൽകട്ടെ!

(ഡി. ലിററ് ബിരുദം സ്വീകരിച്ചുകൊണ്ട് കോഴിക്കോട് സർവകലാശാലയിൽ ചെയ്ത പ്രസംഗം.)